

# Jubilet

Jubilee Mission Medical College & Research Institute Since 1951 Vol. 10 Issue 12 December 2024

# ഉള്ളടക്കം


Welcome TO JUBILEE FAMILY 11

RESEARCH WINGS 22

ഹോസ്പിറ്റൽ ഓൺ വീൽസ് 27

| | |
|---|---|
| എഡിറ്റോറിയൽ | 01 |
| ആഘോഷമാക്കി ജൂബിലി ഫെസ്റ്റ് | 02 |
| ആന്റിബയോട്ടിക് പ്രതിരോധ ബോധവൽക്കരണവും കോൺഫറൻസും | 05 |
| വൻവിജയമായി EM Kerala 2024 | 07 |
| കാൻസർ ഗവേഷണപ്രവർത്തനങ്ങൾക്ക് കൈകോർത്ത് | 09 |
| ദത്തൻ മെമ്മോറിയൽ ശില്പശാല | 10 |
| ഇന്റർനാഷണൽ പാത്തോളജി ദിനാഘോഷം 2024 | 13 |
| റേഡിയോളജി ദിനാഘോഷം | 15 |
| ലോക വൈറ്റ്കെയിൻ ദിനാചരണം | 16 |
| KUHS - QAS ഹാൻഡ് ഹോൾഡിങ് ഇൻസ്പെക്ഷൻ | 18 |
| Talents Day 2024 | 19 |
| ലോക COPD ദിനം | 20 |
| ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി.... | 29 |
| ഗൃഹൗഷധികൾ – ചിറ്റമൃത് | 35 |

DOCTOR'S CORNER Advancements & Caveats of Artificial Intelligence in ICU Monitoring 23

വീണ്ടും ജീവിതത്തിലേക്ക് 29




**ഏ**വർക്കും തിരുപ്പിറവിയുടെയും പുത്തനാണ്ടിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു. 2025 കൃപ നിറഞ്ഞതാകട്ടെയെന്ന് ആശംസിക്കുന്നു.

രക്ഷകന്റെ ജനനത്തിന്റെ സന്തോഷവാർത്ത അറിയിച്ച ഗബ്രിയേൽ മാലാഖ മറിയത്തെ അഭിസംബോധന ചെയ്തത് ‘‘ദൈവകൃപ നിറഞ്ഞവളേ’’ എന്നാണ്. ദൈവകൃപ നിറഞ്ഞപ്പോൾ മറിയം രക്ഷകനെ ഗർഭം ധരിച്ചു. തിരുപ്പിറവിയിലൂടെ മിശിഹായെ ലോകത്തിന് നല്കി. മിശിഹായെ ലോകത്തിന് നല്കാൻ ആഗ്രഹിക്കുന്നവരും വിളിക്കപ്പെട്ടവരും ദൈവകൃപയാൽ നിറയണം. കൃപയെന്നത് വാക്കിനും എഴുത്തിനും അപ്പുറത്തെ അനുഭവമാണ്. പ്രഭാതം മുതൽ പ്രദോഷം വരെ നിറസാന്നിധ്യമായി മാറുന്ന ദൈവകരുണയെക്കുറിച്ചുള്ള അവബോധം -Mindfulness നമ്മുടെ ജീവനും ശ്വാസവും കഴിവും സമ്പത്തും സൗന്ദര്യവും ആരോഗ്യവും മാതാപിതാക്കളും കൂട്ടുകാരും ജോലിയും വിശ്രമവും എല്ലാം ദൈവത്തിന്റെ ദാനമാണെന്നുള്ള – അവിടുത്തെ സാന്നിധ്യമാണെന്നുള്ള അവബോധമാണ് യഥാർത്ഥ കൃപ.

ഈ കൃപയാലാണ് മറിയം നിറഞ്ഞത്. ഈ കൃപയെയാണ് മറിയം കണ്ടെത്തിയത്. വന്നുചേരുന്ന അനുഗ്രഹങ്ങളെക്കുറിച്ചുള്ള ഉണർന്നുവരലാണ് കൃപ കണ്ടെത്തൽ. ‘‘നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും അവൻ അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും’’. അത്യുന്നതന്റെ പുത്രൻ രൂപപ്പെടുന്നത് ഈ കൃപ കണ്ടെത്തലിന്റെ നിറവിലാണ്. ഈ നിറവിലേക്കാണ് ഞാനും നിങ്ങളും നമ്മുടെ സമൂഹവും സഭയും വളരേണ്ടത്.

**ഫാ. പോൾ ചാലിശ്ശേരി**
അസി. ഡയറക്ടർ












# ആഘോഷമാക്കി ജൂബിലി ഫെസ്റ്റ് 2024

ജൂബിലി മിഷൻ മെഡിക്കൽ കോളജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ 73-ാമത് സ്ഥാപകദിനം നവംബർ 30-ന് ആഘോഷിച്ചു. ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ചു. തൃശൂർ റേഞ്ച് ഡി.ഐ.ജി. തോംസൺ ജോസ് ഐ. പി. എസ്. ഉദ്ഘാടനം








നിർവഹിച്ചു. പ്രശസ്ത സിനിമാ സംവിധായകൻ ശ്രീ. കമൽ മുഖ്യപ്രഭാഷണം നടത്തി. പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന ജൂബിലിയുടെ അസിസ്റ്റന്റ് ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരിയെയും സ്റ്റാഫ് നഴ്സ് സി. സോഫിയെയും ആദരിച്ചു


















തൃശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തും ഫാ. റെന്നി മുണ്ടൻകുരിയനും ചേർന്ന് ജൂബിലിയിൽ 25 വർഷം പൂർത്തിയാക്കിയ സ്റ്റാഫുകളെയും കഴിഞ്ഞ വർഷം റിട്ടയറായ സ്റ്റാഫുകളെയും ആദരിച്ചു. മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിലും നഴ്സിങ്ങ് സൂപ്രണ്ട് സി. മെറ്റിൽഡ പോളും ചേർന്ന് മുഖ്യാതിഥികളെ ആദരിച്ചു. പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, ഫാ. കെവിൻ മുണ്ടക്കൽ എന്നിവർ ആശംസകൾ നേർന്നു. അസി. ഡയറക്ടർ ഫാ. സിന്റോ കാരേപറമ്പൻ നന്ദി പറഞ്ഞു. ശേഷം കലാപരിപാടികൾ നടന്നു. ജൂബിലി കുടുംബാംഗങ്ങൾക്കായി സ്നേഹവിരുന്നും ഒരുക്കിയിരുന്നു.



# ആന്റിബയോട്ടിക്

## പ്രതിരോധ ബോധവൽക്കരണവും കോൺഫറൻസും

ഈ വർഷത്തെ ലോക ആന്റിബയോട്ടിക് പ്രതിരോധ ബോധവൽക്കരണ വാരാചരണം മൈക്രോ ബയോളജി ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ ജൂബിലിയിൽ വിവിധ പരിപാടികളോടെ നടത്തി. നവംബർ 9-ാം തിയ്യതി Precision in Prescribing Anti-Microbials എന്ന വിഷയത്തിൽ വിദഗ്ദ്ധരായ ഡോക്ടർമാരുടെ പ്രഭാഷണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് നടന്ന കോൺഫറൻസിൽ ആരോഗ്യരംഗത്തെ വിവിധ മേഖലയിൽനിന്നുള്ള 180 ഓളം ഡോക്ടർമാർ പങ്കെടുത്തു. പൊതുജനങ്ങൾക്കിടയിലെ AMR അവബോധം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നവംബർ 19-ന് ജൂബിലി മൈക്രോബയോളജി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ഡോ. ആർദ്ര, തൃശൂർ സെന്റ് മേരീസ് കോളജ് വിദ്യാർത്ഥികൾക്കായി ഒരു ബോധവത്കരണ ക്ലാസ് നടത്തി. ജൂബിലി







മിഷൻ ആശുപത്രിയിലെ ഡോക്ടേഴ്സിനും മറ്റു സ്റ്റാഫംഗങ്ങൾക്കും, MBBS, നഴ്സിങ്ങ്‌വിദ്യാർത്ഥികൾക്കുമായി നവംബർ 22-ന് AMR: Silent Pandemic/AMR: നിശബ്ദ മഹാമാരി എന്ന വിഷയത്തിൽ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. ഈ വർഷത്തെ World AMR Awareness Week ന്റെ തീം ആയ 'Educate, Advocate, Act Now' എന്നതിനെ ആസ്പദമാക്കി MBBS, പി. ജി., നഴ്സിംഗ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച റീൽസ് കോൺടെസ്റ്റിൽ ഫാർമക്കോളജി ഡിപ്പാർട്ടുമെന്റിലെ ഡോ. ശിവകാന്ത് ഗോപകുമാർ ഒന്നാം സമ്മാനവും എം. ബി. ബി. എസ്. 21-ാം ബാച്ച് വിദ്യാർത്ഥികളായ ആൻമേരി ഡിക്രൂസ്, ആൻമേരി മനോജ്, ജിന്റോ ജോയ്സ് ഗോഡ്ലി എന്നിവർ രണ്ടാം സ്ഥാനവും സോണിയ റോബി, ഗോപിക ഷാജി, ഡോണ എം. ജോഷി, നിധി ബെന്നി, അലീന സൂസൻ എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മോസ്റ്റ് പോപ്പുലർ റീൽസ് പ്രൈസിന് എം. ബി. ബി. എസ്. 19-ാം ബാച്ച് വിദ്യാർത്ഥികളായ എയ്ഫി മരിയ, ദേവിക രഞ്ജിത്ത്, കൃഷ്ണാഞ്ജലി ജയകുമാർ എന്നിവരും അർഹരായി. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, അസി. ഡയറക്ടർ ഫാ. പോൾ ചാലിശേരി, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, മൈക്രോബയോളജി വിഭാഗം മേധാവി ഡോ. ചിത്ര വൽസൻ എന്നിവർ സമ്മാനദാനം നിർവ്വഹിച്ചു.



# വൻ വിജയമായി

## എമർജൻസി മെഡിസിന്റെ സംസ്ഥാന സമ്മേളനം

EM KERALA 2024

ജൂബിലി മിഷൻ മെഡിക്കൽ കോളജിൽ നവംബർ 23 മുതൽ 25 വരെ നടന്ന നാലാമത് സംസ്ഥാന എമർജൻസി മെഡിസിൻ കോൺഫറൻസ് ഇ.എം. കേരള 2024 വലിയ വിജയമായി. അടിയന്തിര ചികിത്സാരംഗത്തെ പ്രഗത്ഭരായ ഡോക്ടർമാരെയും വിദ്യാർത്ഥികളേയും ഒരുമിപ്പിച്ച ഈ സമ്മേളനം അന്താരാഷ്ട്രതലത്തിൽ പ്രശസ്തരായ വിദഗ്ദ്ധരുടെ സാന്നിധ്യം കൊണ്ട് സമ്പന്നമായി. സമ്മേളനത്തിന്റെ ഔപചാരിക ഉദ്ഘാടനം KUHS അക്കാദമിക് കോളജിന്റെ പ്രിൻസിപ്പൽ ഡോ. വി. വി. ഉണ്ണികൃഷ്ണൻ നിർവഹിച്ചു. ഉദ്ഘാടന ചടങ്ങിൽ ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, ലോകാരോഗ്യ സംഘടനയുടെ കോളാബ്രേറ്റിങ്ങ് സെന്റർ ഫോർ എമർജൻസി ആൻഡ് ട്രോമ കെയറിന്റെ ഡയറക്ടർ പ്രൊഫ. ഡോ. സഞ്ജീവ് ഭായ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, എമർജൻസി വിഭാഗം മേധാവി ഡോ. ബാബു ഉറുമീസ് പാലാട്ടി, കോൺഫറൻസ് ചെയർമാൻ പ്രൊഫ. ഡോ. രാജീവ് പി.സി., സെക്രട്ടറി ഡോ. അപ്പു സുശീൽ എന്നിവർ പങ്കെടുത്തു. നവംബർ




23-ന് ആരംഭിച്ച പ്രീ-കോൺഫറൻസ് ശില്പശാലകൾ അടിയന്തിര ചികിത്സയുടെ പ്രധാന മേഖലകളായ ഒഫ്താൽമോളജി, ഇ.എൻ.ടി., ഡെന്റൽ, പ്രസവാഘാതങ്ങൾ, വാസ്കുലർ, ആക്സസ് ടെക്നിക്സ് തുടങ്ങിയ മേഖലകളിൽ കേന്ദ്രീകരിച്ച് പ്രമുഖ വിഭാഗ മേധാവികളായ ഡോ. സെറീന ഗിൽവാസ്, ഡോ. ആൻഡ്രൂസ്, ഡോ. ജോർജ്ജ്, ഡോ. ഫിലിപ്പ് മാത്യു, ഡോ. ലിനു ശേഖർ, ഡോ. ജ്യോതി ആന്റണി, ഡോ. നീതു എൻ. എന്നിവർ നേതൃത്വം നൽകി. കോൺഫറൻസിന്റെ ഭാഗമായി ഡോ. ജോജു മുക്കാട്ടുകര, ഡോ. സുജനപാൽ, ഫയർ ആൻഡ് റസ്ക്യൂ ടീമിലെ പ്രതിനിധികളായ ഡോ. വിജയ് ചഞ്ചൽ, ഡോ. ഡിയോ മാത്യു, ഡോ. സിജു വി. അബ്രാഹം, ഡോ. എറിൻ എലിസ സണ്ണി എന്നിവർ ചേർന്ന് സേഫ്റ്റി വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. വർക്ക്ഷോപ്പിൽ അടിയന്തിര സാഹചര്യങ്ങളിൽ സ്വീകരിക്കാവുന്ന രക്ഷാപ്രവർത്തനങ്ങൾ, വിഷബാധ, തീപിടിത്തങ്ങൾ മുതലായവ കൈകാര്യം ചെയ്യാനുള്ള പ്രാഥമിക മാർഗ്ഗങ്ങൾ എന്നീ വിഷയങ്ങളിൽ വിശദീകരണം നൽകി. അടിയന്തിര ചികിത്സയിലെ വെല്ലുവിളികളും പരിഷ്കാരങ്ങളുമായി ബന്ധപ്പെട്ട ആഭ്യന്തര-അന്താരാഷ്ട്ര വിദഗ്ദ്ധരുടെ ചർച്ചകൾ, ഗവേഷണ മുന്നേറ്റങ്ങൾ പങ്കുവെച്ച് പി.ജി. വിദ്യാർത്ഥി പ്രബന്ധങ്ങൾ, ഡോ. അരവിന്ദ് ശ്രീകുമാർ നടത്തിയ എമർജൻസി പോസ്റ്റ് ഗ്രാജുവേറ്റ് ക്വിസ് - AEGIS എന്നിവയായിരുന്നു സമ്മേളനത്തിന്റെ മറ്റു പ്രധാന ആകർഷണങ്ങൾ. ഇ. എം. കേരള-2024, അടിയന്തിര ചികിത്സാരംഗത്തെ പുത്തൻ സാധ്യതകൾ വിശദീകരിച്ചുകൊണ്ട് പങ്കെടുത്തവരിൽ പ്രചോദനവും പുതിയ അറിവുകളും സമ്മാനിച്ചു.





# കാൻസർ

## ഗവേഷണ പ്രവർത്തനങ്ങൾക്ക് കൈകോർത്ത്

### ലണ്ടൻ ബാർട്ട്സ് സെന്റർ ക്വീൻ മേരി യൂണിവേഴ്സിറ്റിയും ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും

ലോകപ്രശസ്ത കാൻസർ സെൽ ബയോളജി വിദഗ്ധനും ലണ്ടൻ ബാർട്ട്സ് സെന്റർ ക്വീൻ മേരി യൂണിവേഴ്സിറ്റി പ്രൊഫസറുമായ റിച്ചാർഡ് ഗ്രോസ് ജൂബിലി മിഷൻ മെഡിക്കൽ കോളജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിച്ചു. ജൂബിലിയുടെ കാൻസർ ഗവേഷണ പ്രവർത്തനങ്ങൾ കണ്ടറിഞ്ഞ് പ്രൊഫസർ ഗ്രോസ് അതിനെ അഭിനന്ദിക്കുകയും സംയുക്ത പദ്ധതി നടപ്പാക്കാനുള്ള സാധ്യതകൾ ആശുപത്രി അധികൃതരുമായി ചർച്ച ചെയ്യുകയും ചെയ്തു. ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, ഗവേഷണ വിഭാഗം കോർഡിനേറ്റർ ഡോ. പി.ആർ. വർഗ്ഗീസ്, റിസർച്ച് സയന്റിസ്റ്റുമാരായ ഡോ. അലക്സ് ജോർജ്ജ്, ഡോ. മാത്യു ജോൺ, ഡോ. സുരേഷ്കുമാർ എന്നിവരുമായി സംവദിച്ചു. ഈ കൂടിക്കാഴ്ച കേരളത്തിന്റെ ആരോഗ്യരംഗത്ത് പുതുചരിത്രം രചിക്കാനുള്ള തുടക്കംകൂടിയാകുമെന്ന് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രതിനിധികൾ വ്യക്തമാക്കി.




# 9–ാം എം.എൽ. ദത്തൻ മെമ്മോറിയൽ ശില്പശാല

ജൂബിലി മിഷൻ മെഡിക്കൽ കോളജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ 9–ാമത് പ്രഫ. ഡോ. എം.എൽ. ദത്തൻ മെമ്മോറിയൽ സർജറി ശില്പശാല, നവംബർ 17–ന് മദർ തെരേസ ഹാളിൽ സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ മെഡിക്കൽ കോളജുകളിൽനിന്നും സർജറി വിഭാഗത്തിലെ പ്രഗത്ഭരായ ഡോക്ടർമാർ, ഇന്ന് സർജിക്കൽ മേഖലയിൽ ലോകത്ത് നടന്നുകൊണ്ടിരിക്കുന്ന നൂതന ചികിത്സാരീതികളെക്കുറിച്ച് വിശദമായി പ്രതിപാദിച്ചു. കൂടാതെ സർജിക്കൽ വിഭാഗത്തിൽ പഠിക്കുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥികളുടെ പോസ്റ്റർ പ്രദർശനം, ക്ലിനിക്കൽ ഡിസ്കഷനുകൾ, ക്വിസ് മത്സരം എന്നിവ ശില്പശാലക്ക് മാറ്റുകൂട്ടി. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം നിർവ്വഹിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി, വൈസ് പ്രിൻസിപ്പൽ ഡോ. പത്മകുമാർ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, എ.എസ്.ഐ. കേരള ചാപ്റ്റർ ഡോ. മുഹമ്മദ് ഇസ്മായേൽ, സർജറി വിഭാഗം മേധാവി ഡോ. അശോക് നൈനാൻ ഉമ്മൻ, ഓർഗനൈസിങ്ങ് ചെയർമാൻ ഡോ. ഹരികൃഷ്ണൻ സി.പി., ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ. ശ്യാമ എസ്. എന്നിവർ ഉദ്ഘാടന ചടങ്ങിൽ സന്നിഹിതരായിരുന്നു. മുൻ സർജറി മേധാവി നിര്യാതനായ ഡോ. സുരേഷ് എസിന്റെ പേരിൽ സർജറിയിൽ ഉയർന്ന മാർക്ക് വാങ്ങിയ ഡോ. ആഷ്‌ലിക്ക് ഗോൾഡ് മെഡൽ സമ്മാനിച്ചു.




| | |
|---|---|
| Dr. Andrews M A | General Medicine |
| Dr. Chacko Cheeran J | Orthopaedics |
| Dr. Sofia Paulson | Physical Medicine & Rehabilitation |
| Dr. Sneha Suresh | Cardiology |
| Dr. Anjaly David | Neurology |
| Dr. Dileep K V | JCMR |
| Mr. Sherin T S | I T Department |
| Mr Athul A N | C S S D |
| Mrs. Della Lison | JMSON |
| Mrs. Viji Vincent P | JMSON |
| Mr. Sijo Scaria | Canteen |
| Mrs. Jayashree | Canteen |
| Mrs. Sindhu K K | Canteen |



# ആദരാഞ്ജലികൾ..

ഡിസംബർ 16-ാം തിയ്യതി ജൂബിലി കുടുംബത്തിൽ നിന്ന് വേർപിരിഞ്ഞു പോയ പൾമണോളജി വിഭാഗം IInd Year റസിഡന്റ് എം.ഡി. ഡോ. ഫാത്തിമ കബീറിന് ജൂബിലി കുടുംബത്തിന്റെ ആദരാഞ്ജലികൾ..

# Congratulations!



2024 നവംബർ 29ന് എറണാകുളം കലൂർ റിന്യൂവൽ സെന്ററിൽ വച്ച് നടന്ന സ്റ്റുഡന്റ് നഴ്സസ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ 59-ാമത് സംസ്ഥാന സമ്മേളനവും കലോത്സവവുമായ 'ധനക്' 2024 ൽ എക്സ്റ്റെമ്പർ സ്പീച്ച് ഇംഗ്ലീഷിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങിലെ ജീവാ മരിയ ബെന്നിക്ക് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



കേരള ഫെഡറേഷൻ ഓഫ് ഒബ്സ്ട്രറ്റിക്സ് & ഗൈനക്കോളജി (KFOG) യുടെ ലെജന്റ് അവാർഡ് കരസ്ഥമാക്കിയ ജൂബിലി മിഷൻ ഗൈനക്കോളജി വിഭാഗം പ്രൊഫസർ ഡോ. അശ്വത്ത് കുമാറിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



കാനഡയിൽ വച്ച് നടന്ന അസോസിയേഷൻ ഫോർ മോളിക്യുലാർ പത്തോളജി (AMP) ആനുവൽ സമ്മിറ്റിൽ പോസ്റ്റർ പ്രസന്റേഷൻ നടത്തുകയും ഇന്റർനാഷണൽ ട്രാവൽ അവാർഡ് കരസ്ഥമാക്കുകയും ചെയ്ത പത്തോളജി അസിസ്റ്റന്റ് പ്രൊഫസർ ഡോ. രോഹിണി സെബാസ്റ്റ്യന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



അഹമ്മദാബാദിൽ വച്ച് നടന്ന TRANSCON 2024ൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് കരസ്ഥമാക്കിയ ലബോറട്ടറി മെഡിസിൻ വിഭാഗം ലാബ് ഡയറക്ടർ ഡോ. സുശീല ജേക്കബ് ഇന്നയ്ക്ക് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.







ക്രിസ്റ്റ്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ഡിപ്ലോമ ഇൻ മെഡിക്കൽ ലാബ് ടെക്നോളജി (2022-2024) ബാച്ച് പരീക്ഷയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഗോപിക ഗോപു, രണ്ടാം സ്ഥാനം നേടിയ ഷിയാൽ എ. എസ്., മൂന്നാം സ്ഥാനം നേടിയ അതുല്യ കെ. എന്നിവർക്ക് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.





# ഇന്റർനാഷണൽ പാത്തോളജി ദിനാഘോഷം 2024



ഇന്റർനാഷണൽ പാത്തോളജി ദിനത്തിന്റെ ഭാഗമായി നവംബർ 7 ന് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പാത്തോളജി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഒരു പ്രഭാഷണം സംഘടിപ്പിച്ചു. മുബൈ റ്റാറ്റ മെമ്മോറിയൽ ഹോസ്പിറ്റലിലെയും തിരുവനന്തപുരം ആർ.സി.സി.യിലെയും മുൻ സയന്റിഫിക്ക് ഓഫീസർ ഡോ. ലക്ഷ്മി നാരായണൻ (MSc, Ph.D) ആയിരുന്നു മുഖ്യപ്രഭാഷക. 'ഒപ്റ്റിമൈസിങ്ങ് ഡയഗനോസ്റ്റിക് അക്യുറസി അണ്ടർസ്റ്റാൻഡിങ്ങ് ആന്റ് മാനേജിങ്ങ് പ്രീ അനലറ്റിക് വാരിയബിൾസ്' എന്നതായിരുന്നു പ്രതിപാദ്യ വിഷയം. ജൂബിലി മിഷൻ പാത്തോളജി ഡിപ്പാർട്ട്മെന്റ് HOD ഡോ. ലിൻസി ജോസഫിന്റെ സ്വാഗതത്തോടുകൂടി ആരംഭിച്ച പരിപാടി ജൂബിലി മിഷൻ സ്ഥാപ





നങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉത്ഘാടനം ചെയ്തു. അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി, വൈസ് പ്രിൻസിപ്പൽ ഡോ. പത്മകുമാർ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, പാത്തോളജി വിഭാഗം മുൻ HOD ഡോ. റാംകുമാർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ജൂബിലി മിഷൻ പാത്തോളജി വിഭാഗം പ്രൊഫസർ ഡോ. ദീപ്തി വിജയരാഘവൻ, അസോ. പ്രൊഫസർ ഡോ. ഉഷ പായ് എന്നിവർ ചടങ്ങിൽ മോഡറേറ്ററായി പ്രവർത്തിച്ചു. അസി. പ്രൊഫ. ഡോ. ഐശ്വര്യ പ്രദീപിന്റെ നന്ദിയോടുകൂടി ചടങ്ങ് അവസാനിച്ചു.

ക്ലാസിനുശേഷം ഒരു ഇന്ററാക്ടീവ് സെക്ഷനും ഉണ്ടായിരുന്നു. പി.ജി. സ്റ്റുഡൻസ്, വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള പാത്തോളജിസ്റ്റുമാർ, ഹോസ്പിറ്റൽ സ്റ്റാഫുകളും പ്രഭാഷണത്തിൽ പങ്കെടുത്തു.






# റേഡിയോളജി ദിനാഘോഷം

## പോസ്റ്റർ, ക്വിസ് മത്സരങ്ങൾ | സമ്മാനദാനം

റേഡിയോളജി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ നവംബർ 8-ന് International day of Radiology and World Radiography day ആഘോഷിച്ചു. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനംചെയ്ത ചടങ്ങിൽ റേഡിയോളജി വിഭാഗം മേധാവി ഡോ. ബിനോജ് വർഗ്ഗീസ് സ്വാഗതം ആശംസിച്ചു. ഫിനാൻസ് അസിസ്റ്റന്റ് ഫാ. ജിജോ മാളിയേക്കൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, റേഡിയോളജി പ്രൊഫസർ ഡോ. അഭിലാഷ് ടി. ജി. എന്നിവർ ആശംസകൾ അർപ്പിച്ചു. റേഡിയോളജി ദിനത്തോടനുബന്ധിച്ച് നടത്തിയ പോസ്റ്റർ, ക്വിസ്  മത്സരങ്ങളിലെ വിജയികൾക്ക് ചടങ്ങിൽ ക്യാഷ് പ്രൈസുകൾ സമ്മാനിച്ചു. റേഡിയോളജി ഇൻചാർജ്  സി. റോസിൻ നന്ദി പ്രകാശിപ്പിച്ചു.






# ലോക വൈറ്റ് കെയിൻ ദിനാചരണം








തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിന്റെ സഹകരണത്തോടെ നാഷണൽ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് കേരള സ്റ്റേറ്റ് ബ്രാഞ്ച് അഞ്ചാം വാർഷിക സമ്മേളനം, ലോക കാഴ്ചദിനം നവംബർ 2 ന് ജൂബിലി ഹാളിൽ വച്ച് ആഘോഷിച്ചു. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ അസി. ഡയറ്കടർ ഫാ. പോൾ ചാലിശ്ശേരി, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, തൃശൂർ കോർപ്പറേഷൻ മേയറായ എം. കെ. വർഗ്ഗീസ്, ജൂബിലി മിഷൻ ഒഫ്താൽമോളജി വിഭാഗം പ്രൊഫസർ എമിരിറ്റസ് ഡോ. ആൻഡ്രൂസ്




സി.വി., എൻ.എഫ്.സി കേരള ജനറൽ സെക്രട്ടറി, ശ്രീ. സി.സി. കാശിമണി, NFB പ്രസിഡണ്ട് ശ്രീ. സതീഷ്കുമാർ എം.ആർ. എന്നിവർ ചടങ്ങിൽ പങ്കെടുത്ത് ആശംസകൾ അറിയിച്ചു.

വൈറ്റ് കെയൻ സേഫ്റ്റി റാലിയിൽ കാഴ്ച പരിമിതിയുള്ളവർക്കൊപ്പം കണ്ണുകെട്ടി ജൂബിലിയിലെ അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരിയും പ്രൊഫസർ എമിരിറ്റസ് ഡോ. ആൻഡ്രൂസ് സി.വി.യും റാലി നയിച്ചു. തുടർ മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി അന്ധത എങ്ങനെ തടയാം, കോർണിയൽ അന്ധതയും കണ്ണ് ദാനം ചെയ്യുന്നതിന്റെ ആവശ്യകതയും, ലോ വിഷൻ എയ്ഡ് & സ്മാർട്ട് ഗ്ലാസ്സസ് എന്നീ വിഷയങ്ങളെപ്പറ്റി പ്രൊഫ. ഡോ. അലക്സ് ജോസഫ്, പ്രൊഫ. ഡോ. സേതു പി. എ., പ്രൊഫ. ഡോ. സി. വി. ആൻഡ്രൂസ്, ഡോ. മന്ന മരിയ എന്നിവർ ക്ലാസ്സുകൾ എടുത്തു.





# KUHS - QAS ഹാൻഡ് ഹോൾഡിങ്ങ് ഇൻസ്പെക്ഷൻ



ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ KUHS (കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്)ന്റെ QAS ഹാൻഡ് ഹോൾഡിങ്ങ് ഇൻസ്പെക്ഷൻ നവംബർ 7-ന് നടന്നു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അസ്സസ്സർമാരായ ഡോ. സെയ്ദ് മുസ്താക്, ഡോ. വിക്രം ഗൗഡ, ഡോ. ശ്രുതി എം. വി. എന്നിവരെ സ്വാഗതം ചെയ്തു. സി. ഇ ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ എന്നിവർ ജൂബിലി മിഷൻ സ്ഥാപന ങ്ങളെക്കുറിച്ച് സംസാരിച്ചു. KUHS - QAS ന്റെ 10 ക്രൈറ്റീരിയ അംഗങ്ങൾ പ്രസന്റേഷൻ നടത്തി. അസസർമാർ ഡോക്യുമെന്റ് പരിശോധിച്ച് റിപ്പോർട്ട് നൽകി. ഫൈനൽ ഇൻസ്പെക്ഷൻ 2025 ജനുവരി 29-ന് നടത്താമെന്ന് നിശ്ചയിച്ചു. അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. തോമസ് പൂപ്പാടി, ഫാ. പോൾ ചാലിശ്ശേരി, മെഡിക്കൽ സൂപ്രണ്ട് ഡോ.ഷിബു സി. കള്ളിവളപ്പിൽ, റിസർച്ച് ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ എന്നിവർ സന്നിഹിത രായിരുന്നു. ഡോ. സി. വി. ആൻഡ്രൂസ് നന്ദി പറഞ്ഞു.






ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ടാലന്റ്സ് ഡേ 2024 നവംബർ 1-ാം തിയ്യതി ആഘോഷിച്ചു. 2023 - 2024 വർഷത്തിൽ ജൂബിലി മിഷനിൽ പഠനത്തിലും കലാ കായിക മേഖലകളിലും മികച്ച വിജയം നേടിയ വിദ്യാർത്ഥികളെയും വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ച അധ്യാപകരേയും ആദരിച്ചു. 9 സീനിയർ റസിഡന്റുമാർ, 40 UG വിദ്യാർത്ഥികൾ, 8 പി. ജി. വിദ്യാർത്ഥികൾ, 22 അദ്ധ്യാപകർ, അക്കാദമിക് & അഡ്മിനിസ്ട്രേഷനിൽ നിന്നുള്ളവർ എന്നിവരെ ചടങ്ങിൽ അനുമോദിച്ചു. വിവിധ പ്രസിദ്ധീകരണത്തിനായുള്ള ഇൻസെന്റീവ് തുക റിസർച്ച് അംഗങ്ങൾക്കു ചടങ്ങിൽ വച്ച് നൽകി. തൃശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പ്രശസ്തിപത്രങ്ങൾ വിതരണം ചെയ്തു. ഫാ. റെന്നി മുണ്ടൻകുരിയൻ ആശംസകൾ അർപ്പിച്ചു. CEO ഡോ. ബെന്നി ജോസഫ് ജൂബിലിയുടെ പ്രശസ്തി ഉയർത്തിപ്പിടിച്ച പ്രതിഭകൾക്ക് നന്ദി പറഞ്ഞു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറയുടെ നേതൃത്വത്തിലാണ് ടാലന്റ്സ് ഡേ - 2024 സംഘടിപ്പിച്ചത്.




# ലോക COPD ദിനം



നവംബർ 24-ന് ജൂബിലി മെഡിക്കൽ മിഷനിൽ ലോക ക്രോണിക് ഒബ്സ്ട്രക്ടീവ് പൾമണറി ഡിസീസ് (സി. ഒ. പി. ഡി.) ദിനം ആഘോഷിച്ചു. റെസ്പിറേറ്ററി മെഡിസിൻ വിഭാഗം HOD ഡോ.സുപ്രിയ അടിയോടി സ്വാഗതം പറഞ്ഞു. ചടങ്ങിൽ ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോയ്സൺ ചെറുവത്തൂർ അധ്യക്ഷത വഹിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. പത്മകുമാർ ഉദ്ഘാടന പ്രസംഗം നടത്തി. മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, ഡോ. ആൻഡ്രൂസ് കാക്കനാട്ട്,




ഡോ.അബൂബക്കർ മുഹമ്മദ് റാഫി എന്നിവർ ആശംസകൾ നേർന്നു. ഡോ ശ്രുതി രഘുനാഥ് നന്ദി പറഞ്ഞു. ഉദ്ഘാടനത്തിനു ശേഷം ഡോ. ഉണ്ണി ബേബിയുടെ നേതൃത്വത്തിൽ പൾമണറി ഫംഗ്ഷൻ ടെസ്റ്റിനെക്കുറിച്ചുള്ള സി. എം. ഇ. സെഷനും നടന്നു. ഡോ. ജോ തോമസ്, ഡോ. അനിൽകുമാർ എന്നിവരായിരുന്നു. പരിപാടിയുടെ മോഡറേറ്റർമാർ. നെബുലൈസേഷൻ പരിശീലന സെഷനും നഴ്സിങ് ജീവനക്കാർക്കായി ഉണ്ടായിരുന്നു.



RESEARCH WINGS

# JOURNAL CLUB







JCMR organised the 76th Journal club meeting on 20th November, Wednesday at New CCM hall. The speaker on the occasion was Dr. Joseph T. Antony, Assistant Professor, Department of Clinical Immunology and Rheumatology. The topic was based on article titled "Association of Baseline Serum Soluble Tumour Necrosis Factor Receptor Levels with the Response of Rheumatoid Arthritis to Janus Kinase Inhibitor Therapy" *YoshikawaT et.al Hindawi International Journal of Rheumatology, Volume 2024, Article ID 2898586, https://doi.org/10.1155/2024/2898586.*

The article investigated the possibility of Rheumatoid arthritis (RA) patient stratification prior to Janus kinase inhibitor therapy by assessing the levels of soluble TNFR - 1 and 2. Dr Remya and Dr. Suresh raised the possibility of combination therapy and therapeutic regimen respectively in RA as part of the discussion. Dr. Mathew John welcomed the gathering and Dr. Saritha Francis delivered vote of thanks.




# ADVANCEMENTS & CAVEATS OF ARTIFICIAL INTELLIGENCE IN ICU MONITORING

Artificial intelligence (AI) is transforming critical care, particularly in ICU monitoring, where it enhances real-time data analysis, complication prediction, and individualized treatment planning. These advancements aim to optimize patient outcomes, enhance efficiency, and reduce the ICU burden on healthcare systems. AI tools now allow clinicians to monitor patient vitals continuously, predict adverse events, and adapt treatment based on individual needs.

One key benefit of AI in the ICU is its ability to process and analyze vast data from multiple sources including vital signs, lab tests, and imaging more rapidly and accurately than manual methods. For instance, machine learning (ML) algorithms, a subset of AI, can identify subtle patterns in heart rate, blood pressure, and oxygen levels to detect early signs

of complications. These models alert healthcare providers to potential risks before they become clinically evident, enabling early intervention. In critical cases like sepsis and acute respiratory distress syndrome (ARDS), where timing is crucial, early warnings can be lifesaving.



Various AI models are already proving effective in ICU settings. For example, DeepMind's WaveNet, originally designed for voice synthesis, has been adapted to predict respiratory failure by continuously analyzing respiratory data. WaveNet identifies patients at high risk for respiratory complications well in advance, allowing clinicians to adjust ventilation strategies proactively. This preemptive approach reduces the need for emergency interventions and improves patient safety.

The eICU Collaborative Research Database by MIT and Philips Healthcare is another impactful model. Combining data from different hospitals, it builds predictive models for ICU outcomes. By applying ML techniques, it estimates mortality risk, likelihood of prolonged ICU stay, and probability of readmission, helping healthcare teams prioritize high-risk patients and manage resources effectively. AI-enhanced Early Warning Systems (EWS), like Google Health's model, also

offer improved accuracy for predicting complications like septic shock by dynamically adjusting based on real-time data.

Additionally, AI-driven devices facilitate real-time monitoring through wearable patches that continuously track patient vitals and alert providers to abnormal trends. During the COVID-19 pandemic, such devices minimized clinician-patient contact, helping to reduce transmission risk in ICUs. Companies like Current Health developed patches to track patient metrics, analyze data, and communicate warning signs, ensuring safe and effective monitoring.

Despite these successes, there are several caveats to using AI in critical care. A primary concern is the potential for over-reliance on AI predictions, which may inadvertently reduce clinicians' vigilance or critical judgment. If AI models provide false-positive or false-negative alerts, they can lead to unnecessary interventions or delayed responses, possibly harming patients.



Another risk is algorithmic bias. AI models trained on datasets that don't represent diverse patient populations may make biased predictions that prove ineffective-or even harmful-when applied to certain demographics. This could exacerbate

healthcare disparities if some patient groups consistently receive suboptimal care recommendations.

Data privacy and security also pose risks, especially given the sensitivity of ICU data. AI systems require large volumes of patient information, and any breach in security can compromise confidentiality, raising ethical and legal concerns. Additionally,



the "black-box" nature of many AI algorithms makes it difficult for clinicians to fully understand how specific predictions or recommendations are generated. This lack of transparency can hinder healthcare providers from trusting and confidently acting on AI-driven insights in complex ICU situations.

While AI has transformative potential in the ICU, its use must be carefully managed. Proper clinician training, robust data security, and transparency in AI models are essential to ensure these technologies support, rather than compromise, patient care. The future of critical care lies in a collaborative approach where AI complements human expertise, advancing safer, more efficient, and patient-centered care.

**Jain K. George**
Asst. Professor
Critical Care Medicine




# ഹോസ്പിറ്റൽ ഓൺ വീൽസ്

ഗ്രാമീണപ്രദേശങ്ങളിലേക്ക് ആരോഗ്യസേവനം വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജൂബിലി മിഷൻ ''ഹോസ്പിറ്റൽ ഓൺ വീൽസ്'' പദ്ധതിക്ക് തുടക്കം കുറിച്ചു.

ആധുനിക മെഡിക്കൽ സൗകര്യങ്ങൾ സജ്ജീകരിച്ച ''ഹോസ്പിറ്റൽ ഓൺ വീൽസ്'' ഗ്രാമങ്ങളിലേക്ക് സഞ്ചരിച്ച് ആരോഗ്യസേവനങ്ങൾ നൽകുന്നു. ഒരേസമയം ആറ് പേർക്ക് ചികിത്സ ലഭിക്കുന്നവിധം രൂപകൽപന ചെയ്ത ഈ മൊബൈൽ ക്ലിനിക്കിൽ അടിസ്ഥാന ആരോഗ്യപരിശോധനകൾ, രോഗ നിർണയം, രക്തദാനം എന്നിവയ്ക്കൊപ്പം ഇ. സി. ജി. മെഷീൻ,. മൾട്ടിപാരാ മോണിറ്റർ, മറ്റ് സ്ക്രീനിങ്ങ് ഉപകരണങ്ങൾ എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. ആരോഗ്യ അവബോധ ക്ലാസുകൾ സംഘടിപ്പിക്കാനുള്ള സൗകര്യവും ഇതിലുണ്ട്. ജോസ് ആലുക്കാസ് ഗ്രൂപ്പിന്റെ സി. എസ്. ആർ. ഫണ്ടിന്റെ സഹായത്തോടെയാണ് ഈ പദ്ധതി പ്രാവർത്തികമാക്കിയത്.

കൂടുതൽ വിവരങ്ങൾക്ക് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗവുമായി ബന്ധപ്പെടുക. ഫോൺ : 8593841000



# വീണ്ടും ജീവിതത്തിലേക്ക്

ഞാൻ കുറച്ചു നാളുകളായി വിദേശത്ത് ജോലി ചെയ്യുകയാണ്. നാട്ടിൽ വന്നപ്പോൾ സെപ്റ്റോപ്ലാസ്റ്റിക്കുവേണ്ടിയാണ് ഞാൻ വീണ്ടും ജൂബിലിയിൽ എത്തിയത്. ജൂബിലിയുമായി വളരെ അടുത്ത ഒരു ബന്ധം പുലർത്തുന്ന ആളാണ് ഞാൻ. ഇ. എൻ. ടി. യിലെ ജോർജ് ഡോക്ടറാണ് സർജറി ചെയ്തത്. സർജറിക്കുശേഷം എനിക്കു പെട്ടെന്ന് കാർഡിയാക് അറസ്റ്റ് ഉണ്ടാവുകയും പെട്ടെന്നുതന്നെ എന്നെ എം. സി. സി. യു. വിലേക്ക് മാറ്റുകയും ചെയ്തു. പിന്നീട് അവിടെനിന്നാണ് ഞാൻ വീണ്ടും ഉയിർത്തെഴുന്നേറ്റത്. എന്നെ വീണ്ടും ജീവിതത്തിലേക്ക് നയിച്ച ക്രിട്ടിക്കൽ കെയർ ടീമിനും ജൂബിലി കുടുംബത്തിനും ഒത്തിരി നന്ദി.

Together,
We are the
Patient Experience !



# ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....

ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....



















ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....

ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....














# ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....

ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....














ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....

ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....













ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....

ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....























# ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....

ഓർമ്മദിനങ്ങൾ പുണ്യദിനങ്ങളാക്കി....













## ഗൃഹൗഷധികൾ

# ചിറ്റമൃത്

ആരോഗ്യം സംരക്ഷിക്കുന്നതിനായി പ്രകൃതിയിൽ നിന്നു തന്നെ ലഭ്യമാകുന്ന ഔഷധ സസ്യങ്ങൾ ധാരാളമുണ്ട്. അത്തരത്തിൽ പ്രകൃതിയിലെ ഔഷധ സസ്യങ്ങളിൽ ഒന്നാണ് ചിറ്റമൃത്. മരങ്ങളെ ചുറ്റി വളരുന്ന ഒരു വള്ളിച്ചെടിയാണ് ചിറ്റമൃത്. രസായന ഔഷധമായും ഇതിനെ ഉപയോഗിക്കുന്നു.

ചിറ്റമൃതിന്റെ ശാസ്ത്രീയ നാമം Tinospora Cordifolia എന്നാതാണ്. സംസ്കൃതത്തിൽ ഗുഡൂചി, അമൃതവള്ളി എന്നിങ്ങനെ ഈ സസ്യം അറിയപ്പെടുന്നു. അമൃതിന്റെ ഇലകളിൽ 11.2% മാംസ്യവും വലിയ തോതിൽ കാത്സ്യം, ഫോസ്ഫറസ് എന്നിവയും അടങ്ങിയിരിക്കുന്നു. കടും പച്ചനിറമുള്ള ഇലയാണ് ഈ സസ്യത്തിന്റേത്. വെറ്റിലയുമായി രൂപത്തിൽ സാമ്യമുള്ള ചെടിയാണ് ഇത് വള്ളികളിൽ ഇലകളായി പടരുന്ന ഇതിന് കയ്പ് രസമാണ്.



പേരുപോലെതന്നെ അമൃതിന്റെ ഗുണങ്ങളോടുകൂടിയ വള്ളി ച്ചെടിയാണിത്. മരണമില്ലാത്തത് എന്ന് അർത്ഥം നല്കുന്ന ഈ ചെടിയുടെ ആരോഗ്യപരമായ ഗുണങ്ങൾ തന്നെയാണ് ഇതിന് ഈ പേരു നല്കുന്നത്. ഇവയുടെ തണ്ടുകൾ വെറുതെ മര ത്തിനു മുകളിൽ ഇട്ടാൽപോലും വേര് വളർന്ന് പടർന്നു പിടിക്കും. അതായത് നശിക്കാതെ, മരിക്കാതെ വളരുന്ന സസ്യം.

**ഔഷധഗുണങ്ങൾ**

- ആന്റി ആർത്രൈറ്റിക് ഗുണങ്ങളുള്ളതിനാൽ സന്ധിവാത ചികിത്സയിൽ ഉപയോഗിക്കുന്നു. റുമാറ്റോയ്ഡ് ആർത്രൈ റ്റിസിന്റെ ചികിത്സക്കും ഉപയോഗിക്കുന്നു.
- ഉത്കണ്ഠയും വിഷാദവും അകറ്റുന്നു. ഓർമ്മശക്തി മെ ച്ചപ്പെടുത്തുന്നു. മനസ്സിനെ ശാന്തമാക്കുന്നു.
- ടൈപ്പ് 2 പ്രമേഹചികിത്സയ്ക്ക് ചിറ്റമൃത് ഉപയോഗിക്കു ന്നു. ഇത് ഒരു ഹൈപ്പോഗ്ലൈസെമിക് ഏജന്റ് ആയി പ്രവർ ത്തിക്കുന്നു.
- ശരീര താപനില കുറയ്ക്കുന്നതിന് സഹായിക്കുന്നു.
- കാഴ്ചശക്തി മെച്ചപ്പെടുത്താനും ചിറ്റമൃത് ഉപയോഗി ക്കുന്നു. ആന്റി ഏജിങ്ങ് ഗുണമുള്ളതിനാൽ മുഖക്കുരു,



കറുത്ത പാടുകൾ, ചുളിവ് അകറ്റി തിളക്കമുള്ള ചർമ്മം നൽകാനും സഹായിക്കുന്നു.

- രോഗപ്രതിരോധ ശക്തി വർധിപ്പിക്കുന്നു. ഡെങ്കിപോലുള്ള രോഗങ്ങളുടെ ദൂഷ്യഫലങ്ങളെ അകറ്റുന്നു.
- ശ്വസന പ്രശ്നങ്ങൾക്ക് പരിഹാരമേകുന്നു.
- ശരീരത്തിൽനിന്നു വിഷാംശം നീക്കി രക്തം ശുദ്ധിയാക്കുന്നു. രോഗകാരികളായ ബാക്ടീരിയകളെ പ്രതിരോധിക്കുന്നു. കരൾ രോഗവും മൂത്രനാളിയിലെ അണുബാധയും തടയുന്നു.

ഔഷധ ഗുണങ്ങൾ ഏറെയുള്ള സസ്യമാണെങ്കിലും, മരുന്നിന്റെ സുരക്ഷ അത് എപ്രകാരം ഉപയോഗിക്കുന്നു, എത്ര അളവിൽ ഉപയോഗിക്കുന്നു എന്നതിനെയെല്ലാം ആശ്രയിച്ചായിരിക്കും. അമിതമായാൽ അമൃതും വിഷമെന്നാണല്ലോ. അതിനാൽ ചിറ്റമൃത് ഉപയോഗിക്കും മുമ്പ് വൈദ്യനിർദ്ദേശം തേടണം.

**ഡോ. സന്ദേശ് ജോഷി**

ജൂനിയർ ഡോക്ടർ, ജൂബിലി ആയുർവേദ മിഷൻ & ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

Editorial Board

Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
Ms. Manisha A N | Mr. Joshi Paul

"നീ അവന് യേശു എന്ന് പേരിടണം.
അവൻ വലിയവനായിരിക്കും;
അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും."

(ലൂക്കാ 1:31,32)



*Service With Love*

# JUBILEE MISSION

MEDICAL COLLEGE & RESEARCH INSTITUTE